"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യ ബന്ധന തുറമുഖ വകുപ്പ് - മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & എസ്.ഇ.ഇസഡ് ലിമിറ്റഡ് - അസിസ്റ്റന്റ് മാനേജർ തസ്തികയുടെ കരാർ സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് - അനുമതി നല്കി - ഉത്തരവാകുന്നു.

---

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.147/2024/F&P തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:-

1. 09-10-2017 തീയതിയിലെ സ.ഉ.(കൈ) നം.19/2017/മ.തു.വ
2. 28-05-2019 തീയതിയിലെ സ.ഉ. (കൈ) നം.14/2019/മ.തു.വ.
3. 18-03-2020 തീയതിയിലെ സ.ഉ. (കൈ) നം. 5/2020/മ.തു.വ.
4. മലബാർ ഇന്റർനാഷണൽ സീ പോർട്ട് & എസ്.ഇ.ഇസഡ് ലിമിറ്റഡ് എം.ഡി & സി.ഇ.ഒ. യുടെ 05-01-2024 തീയതിയിലെ MIPSL/10/Est-PC/2018/2023/752 നം. കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിനായി പരാമർശം 1 പ്രകാരം രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് കമ്പനിയായ "അഴീക്കൽ പോർട്ട് ലിമിറ്റഡ്" (പുതിയ പേര് "മലബാർ ഇന്റർനാഷണൽ പോർട്ട് & എസ്.ഇ.ഇസഡ് ലിമിറ്റഡ്") -ൽ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുൾപ്പെടെ നാല് തസ്തികകൾ കോൺട്രാക്ട് വ്യവസ്ഥയിൽ സൃഷ്ടിക്കുകയും കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്.(റിട്ട.) നെ നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം 3 പ്രകാരം പ്രോജക്ട് സൈറ്റിൽ പ്രോജക്ട് മാനേജർ (ടെക്നിക്കൽ), അസിസ്റ്റന്റ് മാനേജർ (പ്രോജക്ട്) എന്നീ രണ്ട് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു.

2. മലബാർ ഇന്റർനാഷണൽ പോർട്ട് & എസ്.ഇ.ഇസഡ് ലിമിറ്റഡ് കമ്പനിയിൽ പരാമർശം 3 പ്രകാരം പുതുതായി സൃഷ്ടിച്ച തസ്തികളുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് 3 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഡയറക്ടർ ബോർഡ് യോഗത്തിൽ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ, പുതുതായി സൃഷ്ടിച്ച അസിസ്റ്റന്റ് മാനേജർ തസ്തികയുടെ സേവന കാലാവധി 17-04-2024 തീയതി മുതൽ 3 വർഷം കൂടി ദീർഘിപ്പിച്ച് നൽകാവാൻ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ ഇന്റർനാഷണൽ പോർട്ട് & എസ്.ഇ.ഇസഡ് ലിമിറ്റഡ് കമ്പനിയിലെ അസിസ്റ്റന്റ് മാനേജർ തസ്തികയുടെ കരാർ സേവന കാലാവധി 18-03-2023 തീയതി മുതൽ 3 വർഷ കാലയളവിലേയ്ക്ക് മുൻകാല പ്രാബല്യത്തോടെ ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

സ.ഉ.(സാധാ) നം.147/2024/F&P

പകർപ്പ്:
മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് [റഫ: 29-02-2024 തീയതിയിലെ 10358080-B3/119/2018-FIN-Part(1)]
✓ വെബ് & ന്യൂ മീഡിയ, I&PRD (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
സെക്ഷൻ ഓഫീസർ
Date: 07-03-2024 11:45:44

പകർപ്പ്:: ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്